# ഭീകരത വളരുന്നത്

1967-ൽ പശ്ചിമ ബംഗാളിലെ നക്സൽബാരി ഗ്രാമത്തിൽ ഉടലെടുത്ത മാവോയിസ്റ്റ് ഭീകര പ്രസ്ഥാനത്തെ അമർച്ച ചെയ്യാൻ 45 വർഷം പിന്നിട്ടിട്ടും കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്കായിട്ടില്ല. ഇടക്കാലത്ത് നക്സൽ ആക്രമണങ്ങൾ അൽപം മന്ദീഭവിച്ചിരുന്നുവെങ്കിൽ അതിന്റെ കാരണം ഗവൺമെന്റിന്റെ ജാഗ്രതയേക്കാളേറെ നക്സലുകൾക്കിടയിലുളവായ ആഭ്യന്തര ശൈഥില്യമായിരുന്നു. വിഘടിച്ചുപോയ നക്സലൈറ്റുകളോരോന്നും സ്വതന്ത്രഭീകരസംഘങ്ങളായി പുനഃസംഘടിച്ച് പ്രവർത്തനനിരതമായിരിക്കുന്നു. അടുത്തകാലത്തായി നക്സൽ ഭീകരത ഉത്കണ്ഠാജനകമാം വണ്ണം വർധിച്ചിരിക്കുകയാണ്.

ഇക്കഴിഞ്ഞ മാർച്ച് 1-ന് ബസ്തർ മേഖലയിൽ നക്സലുകൾ സ്ഥാപിച്ച കുഴിബോംബ് പൊട്ടി നാഗാ ബറ്റാലിയനിലെ 4 സൈനികരടക്കം 8 പേർ മരിച്ചു. ലോക്സഭാംഗവും ഝാർഖണ്ഡ് മുക്തിമോർച്ച ജനറൽ സെക്രട്ടറിയുമായ സുനിൽ മഹാതോയെയും സുഹൃത്ത് പ്രഭാകർ മഹാതോയെയും അവരുടെ രണ്ട് അംഗരക്ഷകരെയും ജാംഷെഡ്പൂരിനടുത്ത് ബാക്കൂരി ടൗണിൽ നക്സലുകൾ നിഷ്ഠുരമായി വധിച്ചത് മാർച്ച് 4-ന് പട്ടാപ്പകലായിരുന്നു. മാർച്ച് 15-ന് അർധരാത്രിയാണ് നക്സലുകൾ ഛത്തീസ്ഗഢ് സംസ്ഥാനത്തെ ബീജാപ്പൂർ ജില്ലയിലെ റാണിബോധ് പോലീസ് ക്യാമ്പ് ആക്രമിച്ച് 55 പോലീസുകാരെ കൊന്നത്. പത്തു പേരെ മാരകമായി പരിക്കേൽപിക്കുകയും ചെയ്തു. 5 നക്സലുകളും കൊല്ലപ്പെട്ടു. ക്യാമ്പ് ആക്രമിച്ച 500-ൽ പരം നക്സലുകൾ അവിടെയുണ്ടായിരുന്ന ആയുധങ്ങളത്രയും എടുത്തുകൊണ്ടുപോയെന്നാണ് റിപ്പോർട്ട്. 2005 ജനുവരി 1-ന് സി.പി.ഐ(എം.എൽ) നേതാവും എം.എൽ.എയുമായ മഹേന്ദ്രസിംഗിനെ നക്സലുകൾ വെടിവെച്ചു കൊന്നത് പകൽസമയത്ത് ഒരു പൊതുയോഗത്തിൽ വെച്ചായിരുന്നു. രാജ്യം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോഴാണ് ആന്ധ്രയിലെ മഹ്ബൂബ് നഗറിൽ കോൺഗ്രസ് നേതാവും എം.എൽ.എയുമായ നരസിംഹറെഡ്ഢിയെയും അദ്ദേഹത്തിന്റെ മകനുൾപ്പെടെ മറ്റു 19 പേരെയും പീപ്പിൾസ് വാർ ഗ്രൂപ്പ് കൂട്ടക്കൊല ചെയ്തത്.

കേന്ദ്ര ആഭ്യന്തര വകുപ്പ് പാർലമെന്റിനു നൽകിയ റിപ്പോർട്ടു പ്രകാരം ആന്ധ്ര, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ, യു.പി, പശ്ചിമ ബംഗാൾ, കർണാടക, കേരളം, ഹരിയാന എന്നീ സംസ്ഥാനങ്ങളിലായി 2006 ജൂൺ വരെ 806 നക്സൽ ആക്രമണങ്ങൾ നടന്നിരിക്കുന്നു. 91 സുരക്ഷാഭടന്മാരുൾപ്പെടെ 392 പേർ കൊല്ലപ്പെട്ടു. സൈനിക പരിശീലനം സിദ്ധിച്ച 9,300 നക്സലൈറ്റുകൾ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. അവരുടെ പക്കൽ 7,000 ആധുനികായുധങ്ങളും കണക്കില്ലാത്ത നാടൻ ആയുധങ്ങളുമുണ്ട്. പന്ത്രണ്ടു ജില്ലകളിലായി 118 ഏരിയകളിൽ സായുധ നക്സലുകൾ ഗണ്യമായ സ്വാധീനം നേടിയിരിക്കുന്നു. രാജ്യത്തെ 8295 പോലീസ് സ്റ്റേഷനുകൾ നക്സലൈറ്റ് ആക്രമണ ഭീഷണിയിലാണ്. മാവോയിസ്റ്റുകൾ വിപുലമായ തോതിൽ മയക്കുമരുന്നു വ്യാപാരം നടത്തുന്നതായും രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ടുചെയ്തിരിക്കുന്നു.

ഝാർഖണ്ഡിലും ഛത്തീസ്ഗഢിലും നടമാടുന്ന നക്സൽ ഭീകരത കശ്മീർ തീവ്രവാദികളുടെ ഭീകരതയേക്കാൾ ഒട്ടും കുറഞ്ഞതല്ലെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. 1600 ആക്രമണങ്ങളാണ് 2005-ൽ കശ്മീർ തീവ്രവാദികൾ നടത്തിയത്. ഇതേകാലയളവിൽ മാവോയിസ്റ്റുകൾ 1800 ആക്രമണങ്ങൾ നടത്തുകയുണ്ടായി. 2006-ൽ മാത്രം നക്സലൈറ്റ് ആക്രമണങ്ങളിൽ 742 പേർ കൊല്ലപ്പെട്ടതായി, കെ.പി.എസ് ഗില്ലിന്റെ അധ്യക്ഷതയിലുള്ള ടെററിസം വാച്ച് ഗ്രൂപ്പ് റിപ്പോർട്ട് ചെയ്യുന്നു. 2001 മുതൽ 2006 വരെ ഇന്ത്യയിൽ മുസ്‌ലിംകൾ നടത്തിയ എല്ലാ ആക്രമണങ്ങളിലുമായി ആകെ കൊല്ലപ്പെട്ടവരുടെ സംഖ്യ 860 ആണെന്നും പ്രസ്തുത റിപ്പോർട്ടിലുണ്ട്.

നക്സൽ ഭീകരതയെ സർക്കാറും സമൂഹവും അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിച്ചു കാണുന്നില്ല. ഭീകരത ന്യൂനപക്ഷ മതക്കാരുടേതായാലും ഭൂരിപക്ഷ മതക്കാരുടേതായാലും മതമില്ലാത്തവരുടേതായാലും ഭീകരതതന്നെയാണ്. ഏതു ഭീകരതയെയും വളരാനനുവദിച്ചാൽ രാജ്യം അസമാധാനത്തിലേക്കും അരാജകത്വത്തിലേക്കുമാണ് മുന്നേറുക. പക്ഷേ, നക്സൽ ഭീകരതക്കെതിരെ ഇന്ത്യാഗവൺമെന്റ് ഇനിയും ഫലപ്രദവും വ്യക്തവുമായ ഒരു നയം ആവിഷ്കരിച്ചതായി കാണുന്നില്ല. പ്രതികൾ ന്യൂനപക്ഷമതവിഭാഗത്തിൽപെട്ടവരാണെന്ന് കരുതപ്പെടുന്ന ഭീകരസംഭവങ്ങൾക്കെതിരെ ഉയരാറുള്ള വികാരഭരിതവും രൂക്ഷവുമായ പ്രതിഷേധത്തിന്റെ പകുതിപോലും നക്സൽ ഭീകരതക്കെതിരെ സമൂഹത്തിൽനിന്ന് ഉയരാറില്ല. നക്സൽ ആക്രമണങ്ങൾ മാധ്യമങ്ങൾക്ക് അത്രവലിയ വാർത്തകളാവാറുമില്ല.

കേന്ദ്രഗവൺമെന്റ് ഈയിടെ നക്സൽ ഭീഷണി നേരിടുന്ന സംസ്ഥാനങ്ങളുടെ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. യോഗത്തിൽ നക്സലൈറ്റുകളെ അമർച്ച ചെയ്യാൻ പ്രധാനമന്ത്രി മൻമോഹൻസിംഗ് രണ്ടു നിർദേശങ്ങൾ മുന്നോട്ടു വെക്കുകയുണ്ടായി. പോലീസ് സേനയെ പ്രത്യേകം പരിശീലിപ്പിക്കുകയും ശക്തരാക്കുകയുമാണ് ഒന്ന്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ നക്സൽ വേട്ടക്ക് നിയോഗിക്കുന്ന പോലീസ് പടയുടെ പരിതാപാവസ്ഥ പരിഗണിക്കുമ്പോൾ പ്രധാനമന്ത്രിയുടെ നിർദേശം ഏറെ പ്രസക്തമാകുന്നു. കശ്മീരിലും മറ്റും നിയോഗിക്കപ്പെടുന്നവരെപ്പോലെ കഴിവും കരുത്തുമുള്ളവരല്ല അവർ. റാണിബോധ് ക്യാമ്പിലുണ്ടായിരുന്ന പോലീസുകാരിലേറെയും മതിയായ പരിശീലനം നൽകാതെ, 1500 രൂപ മാസവേതനത്തിന് നക്സൽ വേട്ടക്ക് നിയോഗിച്ച ഗോത്രവർഗ യുവാക്കളായിരുന്നുവെന്നാണ് റിപ്പോർട്ട്. 2006 ജൂലൈ 17-ന് അറാപൂർ ക്യാമ്പിലുണ്ടായ നക്സൽ ആക്രമണത്തിൽ ഇത്തരം 33 യുവാക്കളാണ് ഒറ്റയടിക്ക് കൊല്ലപ്പെട്ടത്. അതിനെത്തുടർന്ന് ഈ 'സർക്കാറുദ്യോഗ'ത്തിൽ ഗോത്രവർഗയുവാക്കളുടെ താൽപര്യം ഗണ്യമായി കുറഞ്ഞിരുന്നു.

നക്സൽ സ്വാധീന മേഖലകളിലെ സാമാന്യജനങ്ങളുടെ അന്യതാബോധവും വിഘടനപ്രവണതയും അകറ്റുക എന്നതാണ് പ്രധാനമന്ത്രിയുടെ രണ്ടാമത്തെ നിർദേശം. ഒന്നാമത്തേതിനേക്കാൾ പ്രധാനമാകുന്നു ഈ രണ്ടാം നിർദേശം. എന്നാൽ മൈക്കുകെട്ടി പ്രസംഗിച്ചുകൊണ്ടോ ലഘുലേഖകൾ വിതറിക്കൊണ്ടോ നേടാവുന്നതല്ല ഈ ലക്ഷ്യം. അതിന് ഗവൺമെന്റും അതിന്റെ മെഷിനറികളും തങ്ങളുടെ കൂടി അവകാശങ്ങൾ സംരക്ഷിക്കാനും ജീവിതം മെച്ചപ്പെടുത്താനും ഉള്ളതാണെന്ന് ഗോത്രവർഗങ്ങൾക്കും നക്സലിസത്തിൽ ആകൃഷ്ടരാകുന്ന മറ്റ് അടിസ്ഥാന വർഗങ്ങൾക്കും പ്രായോഗികമായി ബോധ്യപ്പെടണം. രാജ്യത്തിന്റെ സാമ്പത്തിക-വിദ്യാഭ്യാസ വികസനങ്ങൾ അവരെ കൂടി ഉൾക്കൊള്ളണം.

ഝാർഖണ്ഡും ഛത്തീസ്ഗഢുമൊക്കെ പ്രകൃതിവിഭവങ്ങളാൽ സമ്പന്നമാണ്. അതൊക്കെയും പക്ഷേ, വളരെ ചെറിയ ഒരു ന്യൂനപക്ഷമായ സമ്പന്ന വർഗത്തിന്റെ ഉടമസ്ഥതയിലാണ്. ആദിവാസികളിലും ഗോത്രവർഗങ്ങളിലും വല്ല വികസനവും നടക്കുന്നുണ്ടെങ്കിൽ, അതുവഴി വികസിക്കുന്നത് ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കീശകൾ മാത്രം. കേരളത്തിലെ അട്ടപ്പാടി-വയനാട് ആദിവാസി മേഖലകളിൽ കോടികൾ പൊടിപൊടിച്ച് അരങ്ങേറുന്ന വികസനോത്സവങ്ങൾ യഥാർഥത്തിൽ ആഘോഷിക്കുന്നതാരാണെന്ന് പരിശോധിച്ചാൽ ഈ സത്യം അനായാസം മനസ്സിലാക്കാവുന്നതേയുള്ളൂ.

നീതിയും അവകാശ സംരക്ഷണവും വാഗ്ദാനം ചെയ്യുന്ന നിയമങ്ങളും വ്യവസ്ഥകളും മർദനോപകരണങ്ങളും ചൂഷണോപാധികളുമായി അനുഭവിച്ചറിയുന്നവരോട് ആ നിയമത്തിന്റെയും വ്യവസ്ഥയുടെയും മഹത്വം പ്രസംഗിച്ചിട്ടു കാര്യമില്ല. ഞങ്ങൾക്ക് പ്രയോജനപ്പെടാത്ത നിയമങ്ങളെയും വ്യവസ്ഥകളെയും ഞങ്ങൾ മാനിക്കുകയില്ല എന്നാണ് നക്സലിസത്തിലാകൃഷ്ടരാകുന്ന ആദിവാസികളും ഗോത്രവർഗങ്ങളും നമ്മോട് പറയുന്നത്. പിന്നാക്കക്കാരുടെയും അധഃസ്ഥിതരുടെയും ന്യായമായ അവകാശങ്ങൾക്കെതിരെ ഉന്നത നീതിപീഠങ്ങൾ പോലും മുന്നാക്കക്കാരുടെയും മുതലാളിമാരുടെയും ഭാഗം ചേരുന്ന സാഹചര്യത്തിൽ ഈ ശബ്ദം സർക്കാറും സമൂഹവും ചെവി തുറന്നു കേൾക്കാൻ തയാറാവണം. ഇല്ലെങ്കിൽ നക്സലുകളുടെ സ്വാധീന വൃത്തം അനുദിനം വികസിച്ചുകൊണ്ടേയിരിക്കും. ■